**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **30-06-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോലമേഖലയിലെ ജനജീവിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവിസങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ പരിധിക്കുള്ളിലെ പ്രദേശങ്ങൾ പരിസ്ഥിതി ലോല മേഖലയാക്കണമെന്ന സുപ്രീം കോടതിയുടെ ഉത്തരവ് മലയോര പ്രദേശങ്ങളിലെ ജനങ്ങളിലാകെ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം 08.06.2022 ൽ ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 03.06.2022 ലെ ബഹു സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വന്യജീവിസങ്കേതങ്ങളും ദേശീയോദ്യാനങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കാമോ; ഇവയുടെ അതിർത്തിയിൽ നിന്ന് ഒരു കിലോമീറ്റർ ചുറ്റളവിൽ വസിക്കുന്ന എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ടി വരുന്ന നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ; | (ബി) | നെയ്യാർ-പേപ്പാറ, ഷെന്തുരുണി, ഇടുക്കി, ചിന്നാർ, കുറിഞ്ഞിമല, ചിമ്മിനി, പീച്ചി-വാഴാനി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ, കരിമ്പുഴ എന്നീ വന്യജീവി സങ്കേതങ്ങളും, തട്ടേക്കാട്, മംഗളവനം, ചൂളന്നൂർ എന്നീ പക്ഷി സങ്കേതങ്ങളും, ഇരവികുളം, മതികെട്ടാൻ ഷോല, പാമ്പാടും ഷോല, ആനമുടി ഷോല, സൈലന്റ് വാലി എന്നീ ദേശീയോദ്യാനങ്ങളും, പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളുമാണ് സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി നിലവിലുള്ളത്.<br><br>സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ശേഖരിക്കുവാൻ തീരുമാനിച്ച പ്രകാരം<br><br>ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് |

| | | | |
|---|---|---|---|
| | | | സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എത്ര കുടുംബങ്ങൾ 1 കി.മീ. ചുറ്റളവിൽ ഉൾപ്പെടുമെന്നത് വിലയിരുത്താൻ കഴിയുകയുള്ളു.<br><br>കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്ത് നം. F.No.1-9/2007/WL-1(pt) തീയതി 09.02.2011 കത്ത് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല മേഖലയാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന്, 03.06.2022-ലെ ബഹു സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവെർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര |

| | | | |
|---|---|---|---|
| | | | വനം സഹ മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18.06.2022 ൽ വച്ച് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി കരുതൽ മേഖല എന്ന പരിഷ്കരിച്ച ശുപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നിരോധിക്കപ്പെടുന്നത് (Prohibited) | നിയന്ത്രിക്കപ്പെടുന്നത് (Regulated) |
| --- | --- |
| വാണിജ്യ ഖനനം | മരങ്ങൾ മുറിച്ചു മാറ്റുക |
| തടിമില്ലുകൾ സ്ഥാപിക്കുക, | ഹോട്ടലുകളും റിസോർട്ടുകളും ആരംഭിക്കുക, |
| മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക, | കാർഷിക മേഖലയിലെ ഗുരുതരമായ മാറ്റം |
| വിറകിന്റെ വാണിജ്യ ഉപയോഗം | പ്രകൃതിദത്ത ജലത്തിന്റെ വ്യവസായിക ഉപയോഗം |
| വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക | ഇലക്ട്രിക് കേബിളുകൾ സ്ഥാപിക്കുക |
| അപകടകരമായ വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും | ഹോട്ടലുകൾ ലോഡ്ജുകൾ എന്നിവയ്ക്ക് ചുറ്റും വേലി സ്ഥാപിക്കുക |
| ടൂറിസത്തിന്റെ ഭാഗമായി നാഷണൽ പാർക്കുകൾക്കു മുകളിലൂടെയുള്ള ആകാശയാത്ര | റോഡ് വീതി കൂട്ടുക |
| ജലാശയങ്ങളിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുക | വാണിജ്യാവശ്യത്തിനായുള്ള വാഹനങ്ങളുടെ രാത്രികാല യാത്ര |
| | വിദേശ പക്ഷി ജന്തുജാലങ്ങളെ കൊണ്ടുവരുക |
| | കുന്നിൻചരിവുകളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രവർത്തികൾ |
| | വായു/ വാഹന മലിനീകരണം |
| | പരസ്യ ബോർഡുകൾ സ്ഥാപിക്കുക |